"ഭരണഭാഷ-മാതൃഭാഷ"

No. DWCD/86/2025-E1

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
തീയതി : 13-02-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം – 2025-ലെ പൊതു സ്ഥലംമാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നത് – ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നത് –സംബന്ധിച്ച്:-

സൂചന:- വനിതാ ശിശുവികസന ഡയറക്ടറുടെ 01/02/2025 ലെ DWCD/86/2025-E1 നമ്പർ വിജ്ഞാപനം

വകുപ്പിലെ ജീവനക്കാരുടെ 2025-ലെ പൊതുസ്ഥലംമാറ്റ നടപടികളുടെ ഭാഗമായി വകുപ്പിൽ നിലവിലുള്ള എല്ലാ വിഭാഗം ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ ഓൺലൈൻ ട്രാൻസ്ഫർ മൊഡ്യൂളിൽ രേഖപ്പെടുത്തി അപ്രൂവൽ നൽകുന്നതിനും അപേക്ഷ സ്വീകരിക്കുന്നതിനും മാർഗ്ഗ നിർദ്ദേശം നൽകിക്കൊണ്ട് സൂചന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

2025-ലെ പൊതുസ്ഥലംമാറ്റ നടപടികളുടെ ഭാഗമായി വകുപ്പിൽ നിലവിലുള്ള എല്ലാ വിഭാഗം ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ ഓൺലൈൻ ട്രാൻസ്ഫർ മൊഡ്യൂളിൽ രേഖപ്പെടുത്തി അപ്രൂവൽ ചെയ്യുന്നതിനുള്ള നടപടിക്രമം സാങ്കേതിക പ്രശ്നങ്ങളെ തുടർന്ന് നിശ്ചിത സമയക്രമം പാലിച്ച് കൊണ്ട് കീഴ് കാര്യാലയ മേധാവികൾക്ക് പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ ഷെഡ്യൂൾ പ്രകാരം പ്രസിദ്ധീ കരിക്കാൻ കഴിഞ്ഞില്ല.

ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ ഓൺലൈൻ ട്രാൻസ്ഫർ മൊഡ്യൂളിൽ രേഖപ്പെടുത്തി അപ്രൂവൽ ചെയ്തിട്ടുള്ളതായി എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരും ഇപ്പോൾ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വകുപ്പിലെ എല്ലാ ജീവനക്കാർക്കും സർവ്വീസ് വിവരങ്ങൾ പരിശോധിക്കുന്നതിനായി ഓൺലൈൻ ട്രാൻസ്ഫർ മൊഡ്യൂളിലൂടെ പ്രസിദ്ധീകരിക്കുന്നു.

1. വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും 2025-ലെ പൊതുസ്ഥലമാറ്റത്തിനുള്ള മൊഡ്യൂളിൽ (http://schemes.wcd.kerala.gov.in ---- >> Online General Transfer 2025 എന്ന ലിങ്കിലൂടെ) പ്രവേശിച്ച് ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ സ്വന്തം ലോഗിനിലൂടെ ഇപ്പോൾ മുതൽ പരിശോധിക്കാവുന്നതാണ് (User ID: PEN of incumbent, Password: wcd123). ആദ്യ ലോഗിന് ശേഷം ജീവനക്കാർക്ക് password

റീസെറ്റ് ചെയ്യാവുന്നതാണ്. ജീവനക്കാരുടെ സർവ്വീസ് വിവരങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം/ പരാതിയുള്ള പക്ഷം ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം 17/02/2025 ന് മുമ്പായി കാര്യാലയ മേധാവികൾക്ക് അപേക്ഷ രേഖാമൂലം നൽകേണ്ടതാണ്.

2. ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന സർവ്വീസ് വിവരങ്ങളിന്മേൽ ജീവനക്കാർ എഴുതി നൽകുന്ന ആക്ഷേപം/ പരാതികൾ കാര്യാലയ മേധാവികൾ ആഫീസ് രേഖകളുമായി ഒത്ത് നോക്കി പരിശോധിക്കേണ്ടതും അപാകത ബോധ്യപ്പെടുന്ന പക്ഷം ആയത് കാര്യാലയ മേധാവിക്ക് അവരുടെ ലോഗിനിലൂടെ തന്നെ ആയത് Edit ചെയ്ത് പരിഹരിക്കാവുന്നതുമാണ് (19/02/2025 വരെ). ആഫീസ് മേധാവികൾക്ക് പരിഹരിക്കാൻ കഴിയാത്ത വിധമുള്ള ആക്ഷേപം/ പരാതികൾ/ സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനായി കാര്യാലയമേധാവികൾ പ്രസ്തുത വിവരം അനുബന്ധ രേഖകളുടെ പകർപ്പ് സഹിതം wcdgeneraltransfer2025@gmail.com എന്ന ഇമെയിൽ വിലാസത്തിൽ 19/02/2025 ന് മുമ്പായി ലഭ്യമാക്കേണ്ടതാണ്.

3. മേൽ പരാമർശിച്ച പ്രകാരമുള്ള നടപടിക്രമം നിശ്ചിത സമയ പരിധിക്കകം പൂർത്തിയാക്കേണ്ടതാണ്. ജീവനക്കാരുടെ സർവ്വീസ് വിവരങ്ങളിലെ അപാകത പരിഹരിക്കുന്നതിനായി 19/02/2025 ന് ശേഷം ഈ കാര്യാലയത്തിൽ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ആയതിനാൽ, എല്ലാ ജീവനക്കാരും/ കാര്യാലയ മേധാവികളും പ്രസ്തുത സമയക്രമം കർശനമായും പാലിക്കേണ്ടതാണ്. എല്ലാ കാര്യാലയ മേധാവികളും നിർബന്ധമായും ഈ സർക്കുലറിലെ വിവരം എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ കൊണ്ട് വരേണ്ടതുമാണ്.

Online General Transfer 2025 മായി ബന്ധപ്പെട്ട് കാര്യാലയ മേധാവികൾക്കും ജീവനക്കാർക്കും സാങ്കേതികമായ സംശയ നിവാരണത്തിനായി **9895650007 (മിനീഷ്)** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ANILKUMAR G
വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

വകുപ്പിലെ എല്ലാ ജീവനക്കാർക്കും
വകുപ്പിലെ എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും
സൂപ്രണ്ട്, ഐ.റ്റി സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
സ്റ്റോക്ക് ഫയൽ/ സ്പെയർ